**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3322** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷക്കാലയളവിൽ മിച്ചഭൂമിയായി ഏറ്റെടുത്ത ഭൂമിയുടെ കണക്ക് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷക്കാല യളവിൽ 308.77 ഹെക്ടർ (762.98ഏക്കർ) മിച്ചഭൂമി ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത മിച്ചഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ ഭൂമി വിതരണം ചെയ്തു; ഇതിനായി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) | 1963-ലെ കേരള ഭൂപരിഷ്കരണ നിയമം പ്രകാരം ഏറ്റെടുത്ത മിച്ചഭൂമി ഈ നിയമത്തിന്റെ 96-ാം വകുപ്പും അനുബന്ധ ചട്ടങ്ങളിലെയും വ്യവസ്ഥകളും പ്രകാരം ഭൂരഹിതരായ വിവിധ ജന വിഭാഗങ്ങൾക്ക് പതിച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. ഇതിനായുള്ള നിലവിലെ നിയമാനുസരണമുള്ള/ ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ ചുവടെ പറയും പ്രകാരമാണ്.<br><br>(I) ഏറ്റെടുത്ത മിച്ചഭൂമിയിൽ കുടികിടപ്പുകാർ ഉണ്ടെങ്കിൽ ടി ഭൂമികൾ അപ്രകാരമുള്ള കുടികിടപ്പുകാർക്ക് പതിച്ചു കൊടുക്കേണ്ടതാണ്.<br><br>(II) ബാക്കിയുള്ള ഭൂമി;<br><br>(എ)ഭൂമിയില്ലാത്ത കർഷകത്തൊഴിലാളി കൾക്കും;<br><br>(ബി) ചെറുകിട കൈവശക്കാർക്കും യാതൊരു ഭൂമിയും വീണ്ടെടുക്കുന്നതിന് അവകാശമില്ലാത്ത വരായ മറ്റ് ജന്മിമാർക്കും പതിച്ചു കൊടുക്കേണ്ടതാകുന്നു. എന്നാൽ ഒരു താലൂക്കിൽ പതിച്ചു കൊടുക്കുന്നതിന് ലഭ്യമായിട്ടുള്ള (II)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണത്തിൽ **എൺപത്തിയേഴര ശതമാനം** ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് പതിച്ചു കൊടുക്കേണ്ടതും, അതിൽ **ഒന്നുപകുതി പട്ടികജാതിക്കാരിലും പട്ടികവർഗ്ഗക്കാരിലും** ഗസറ്റിൽ പരസ്യം മൂലം ഗവൺമെന്റ് ഈ ആവശ്യത്തിലേക്കായി പ്രത്യേകം പറയാവുന്ന സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മറ്റുള്ള പൗരവിഭാഗങ്ങളിലും പെട്ട |

| | | | |
|---|---|---|---|
| | | | ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും പതിച്ചുകൊടുക്കേണ്ടതാണ്.<br><br>ഇത് പ്രകാരം കഴിഞ്ഞ 5 വർഷക്കാലയളവിൽ 74.82 ഹെക്ടർ (184.88 ഏക്കർ) മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ വിതരണം ചെയ്യുന്ന ഭൂമിയുടെ 50 ശതമാനം പട്ടിക വിഭാഗങ്ങൾക്ക് നൽകണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പട്ടിക വിഭാഗങ്ങൾക്ക് വിതരണം ചെയ്ത ഭൂമിയുടെ കണക്ക് വിശദമാക്കാമോ? | (സി) | 1963-ലെ കേരള ഭൂപരിഷ്കരണ നിയമം പ്രകാരം ഏറ്റെടുത്ത മിച്ചഭൂമി ഈ നിയമത്തിന്റെ 96-ാം വകുപ്പും അനുബന്ധ ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം ഭൂരഹിതരായ വിവിധ ജന വിഭാഗങ്ങൾക്ക് പതിച്ചു കൊടുക്കുകയാണ് ചെയ്യുന്നത്. ഇതിനായുള്ള നിലവിലെ ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ ചുവടെ പറയും പ്രകാരമാണ്.<br><br>(I) ഏറ്റെടുത്ത മിച്ചഭൂമിയിൽ കുടികിടപ്പുകാർ ഉണ്ടെങ്കിൽ ടി ഭൂമികൾ അപ്രകാരമുള്ള കുടികിടപ്പുകാർക്ക് പതിച്ചു കൊടുക്കേണ്ടതാണ്.<br><br>(II) ബാക്കിയുള്ള ഭൂമി;<br><br>(എ)ഭൂമിയില്ലാത്ത കർഷകത്തൊഴിലാളി കൾക്കും;<br><br>(ബി) ചെറുകിട കൈവശക്കാർക്കും യാതൊരു ഭൂമിയും വീണ്ടെടുക്കുന്നതിന് അവകാശമില്ലാത്ത വരായ മറ്റ് ജന്മിമാർക്കും പതിച്ചു കൊടുക്കേണ്ടതാകുന്നു. എന്നാൽ ഒരു താലൂക്കിൽ പതിച്ചു കൊടുക്കുന്നതിന് ലഭ്യമായിട്ടുള്ള (II)-ാം ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണത്തിൽ **എൺപത്തിയേഴര ശതമാനം** ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് പതിച്ചു കൊടുക്കേണ്ടതും, അതിൽ ഭൂരഹിതരായ കർഷകത്തൊഴിലാളികളായ **ഒന്നുപകുതി പട്ടികജാതിക്കാരിലും പട്ടികവർഗ്ഗക്കാരിലും** ഗസറ്റിൽ പരസ്യം മൂലം ഗവൺമെന്റ് ഈ ആവശ്യത്തിലേക്കായി പ്രത്യേകം പറയാവുന്ന സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മറ്റുള്ള പൗരവിഭാഗങ്ങളിലും പെട്ട ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും പതിച്ചുകൊടുക്കേണ്ടതാണ്.<br><br>ഇത്തരത്തിൽ പട്ടിക വിഭാഗങ്ങൾക്കായി കഴിഞ്ഞ 5 വർഷക്കാലയളവിൽ 30.31 ഹെക്ടർ (74.896ഏക്കർ) മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ